കോടതിയെ സമീപിച്ചിട്ടുണ്ട്. സുപ്രീം കോടതിയുടെ അനുകൂല ഉത്തരവ് ലഭിച്ചാൽ മാത്രമേ പ്രസ്തുത ഭൂമി ആദിവാസികൾക്ക് വിതരണം നടത്താൻ സാധിക്കുകയുള്ളു. ഇതിന് പുറമേ വിതരണത്തിനായി ഏറ്റെടുത്തിട്ടുള്ള ചില ഭൂമികൾ സംബന്ധിച്ച കോടതി കേസ്സുകളും ഭൂമി കൈയേറ്റങ്ങളും ഭൂമി വിതരണത്തിന്റെ കാലതാമസത്തിന് കാരണമാകുന്നുണ്ട്.

തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ

11. [*11] ശ്രീ. മഞ്ഞളാംകുഴി അലി :

,, എം. വി. ഗോവിന്ദൻ മാസ്റ്റർ :

,, കെ. വി. കുഞ്ഞിരാമൻ :

,, വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ പ്രശ്നത്തെക്കുറിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) മത്സ്യത്തൊഴിലാളി മേഖലയിലെ സംഘടനകൾ സർക്കാരിന് മുമ്പാകെ സമർപ്പിച്ചിട്ടുള്ള അടിയന്തിര ആവശ്യങ്ങൾ എന്തൊക്കെയായിരുന്നു;

(സി) സംഘടനാ പ്രതിനിധികളുമായി സർക്കാർ ചർച്ച നടത്തുകയുണ്ടായോ; ഏറ്റവും ഒടുവിൽ ചർച്ച നടത്തിയത് എന്നായിരുന്നു ; എന്തെല്ലാം കാര്യങ്ങളിലാണ് തീരുമാനം എടുത്തത് ; വിശദാംശം വ്യക്തമാക്കുമോ?

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമനിക് പ്രസന്റേഷൻ):

(എ) ഉണ്ട്.

(ബി) 1. കുടിവെള്ളം ലഭ്യമാക്കുക.

2. ആരോഗ്യ രക്ഷാനടപടികൾ വിപുലീകരിക്കുക

3. ജനസാന്ദ്രതയ്ക്കാനുപാതികമായി പാർപ്പിട സൗകര്യങ്ങൾ ലഭ്യമാക്കുക.

4. കടലാക്രമണംമൂലമുള്ള കെടുതികൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

5. ശുചിത്വ കക്കൂസുകളുടെ നിർമ്മാണം.

6. തീരദേശ റോഡുകളുടെ നിർമ്മാണവും വികസനവും സാദ്ധ്യമാക്കുക.

7. പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ ശരിപ്പെടുത്തുന്നതിലേക്കാവശ്യമായ നടപടിയെടുക്കുക.

8. വേന നിർമ്മാണ വായ്പകൾ എഴുതിത്തള്ളി പ്രമാണങ്ങൾ തിരികെ നൽകുക.

LIBRARY ARCHIVES Kerala Legislative Assembly

9. കുടിലുകളിൽ താമസിക്കുന്നവർക്കും സ്വന്തം വീടുകൾ ഇല്ലാത്തവർക്കും വാസയോഗ്യമായ പാർപ്പിടങ്ങൾ നൽകുക.
10. ഗതാഗത സൗകര്യം വൈദ്യുതി സൗകര്യം എന്നിവ എല്ലാ തീരദേശവാസികൾക്കും ലഭ്യമാക്കുക.
11. ഫിഷ് ലാന്റിംഗ് സെന്ററുകളും മിനി മത്സ്യബന്ധന തുറമുഖങ്ങളും സ്ഥാപിക്കുക.
12. മത്സ്യത്തിന് ന്യായവില നൽകുക.
13. വിദേശ മത്സ്യബന്ധന കപ്പലുകളുടെ പ്രവർത്തനം പരിപൂർണ്ണമായി തടയുക.
14. മൺസൂൺ കാലത്ത് ട്രോളിംഗ് നടത്തുന്നതിനുള്ള അനുവാദം നൽകുക.
15. ഡീസൽ സബ്സിഡി നൽകുക.
16. വ്യവസായ വളർച്ചയ്ക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക.
17. പുനർനിർമ്മാണ ഫണ്ടിൽനിന്നും പിഴിഞ്ഞ വ്യവസായ യൂണിറ്റിന് ധനസഹായം നൽകുക.
18. സമുദ്രോൽപ്പന്ന വ്യവസായ യൂണിറ്റുകൾ/മത്സ്യകൃഷി യൂണിറ്റുകൾ എന്നിവയ്ക്ക് മൊറോട്ടോറിയം പ്രഖ്യാപിക്കുക.
19. കടൽമാക്രിമൂലം നഷ്ടപ്പെട്ട വലകളുടെ ഉടമകൾക്ക് നഷ്ടപരിഹാരം നൽകുക.

(സി) പല സംഘടനകളുമായും ചർച്ചകൾ നടത്തിയിട്ടുണ്ട്. സംഘടനകൾ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങളിൽ പലതും ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

1. കുടിവെള്ള വിതരണം, ഭവനനിർമ്മാണം, ആരോഗ്യപരിപാലനം എന്നീ മേഖലകളിൽ ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ സഹായത്തോടെയുള്ള പദ്ധതികൾക്കു പുറമെ, കേന്ദ്ര സർക്കാരിന്റെ അധിക ധനസഹായമായ 15 കോടി രൂപ ഉപയോഗിച്ചുള്ള സ്പെഷ്യൽ പാക്കേജ് കൂടി നടപ്പാക്കുന്നുണ്ട്.

2. തീരദേശ റോഡുകളുടെ നിർമ്മാണത്തിനായി 200 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം തുറമുഖ എഞ്ചിനീയറിംഗ് വകുപ്പിന് നൽകി.

3. തീരദേശ മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിന്റെ ഭാഗമായി ഒരു ഫിഷറീസ് വില്ലേജിന് 50,000 രൂപ നിരക്കിൽ 20 ലക്ഷം രൂപ കഴിഞ്ഞ സാമ്പത്തികവർഷം അനുവദിച്ചു നൽകിയിട്ടുണ്ട്.

4. വിഴിഞ്ഞം, മുതലപ്പൊഴി, തങ്കശ്ശേരി, നീണ്ടകര, കായംകുളം, മുനമ്പം, പൊന്നാനി, പുതിയാപ്പ, ചോമ്പാൽ, മോപ്പിളബേ, കൊയിലാണ്ടി എന്നീ ഫിഷിംഗ് ഹാർബറുകൾക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ചിലതു പൂർത്തിയാക്കുകയും മറ്റു ചിലതിന്റെ പണികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ കാസർഗോഡ്, നീലേശ്വരം, ചെറുവത്തൂർ, നൂമാഹി, മുനയ്ക്കടവ്, പാലക്കാട്, ധർമ്മടം, തോട്ടപ്പള്ളി, സൗത്ത് പരവൂർ, ചേറ്റുവ എന്നിവിടങ്ങളിൽ യന്ത്രവത്കൃത ബോട്ടുകൾക്കുള്ള ലാന്റിംഗ് സെന്ററുകൾക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്. കൂടാതെ വിഴിഞ്ഞം സൗത്ത്, വിഴിഞ്ഞം നോർത്ത്, വള്ളിക്കുന്ന്, വെള്ളയിൽ, നീരിച്ചു, പാലിൽ ഗോപാലപേട്ട, അർത്തുങ്കൽ, ചെല്ലാനം, കൊയിലാണ്ടി, പുന്നപ്ര, കാഞ്ഞങ്ങാട്, എട്ടിക്കുളം കാട്ടൂർ, പൊള്ളത്തായി, കടപ്ര, തിക്കോടി, പൂവാർ എന്നീ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കുള്ള മിനി ഹിഷിംഗ് ഹാർബർ/ലാന്റിംഗ് സെന്ററുകൾക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിനു പുറമെ മത്സ്യബന്ധന ബോട്ടുകൾക്ക് ഡീസൽ സബ്സിഡി അനുവദിച്ച് നടപ്പിലാക്കി വരുന്നു.

സംസ്ഥാന ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ശമ്പള പരിഷ്കരണം

12. [*12] ശ്രീ. തെക്കായി ചാക്കോ :

" കോടിയേരി ബാലകൃഷ്ണൻ :

" എ. കെ. ബാലൻ :

" എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ശമ്പള പരിഷ്കരണ നടപടികളുടെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) ശമ്പള പരിഷ്കരണം എപ്പോൾ നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) 1-3-2002 മുതൽ മുൻകാല പ്രാബല്യത്തിൽ വേതന പരിഷ്കരണം നടത്തണമെന്ന ജീവനക്കാരുടെ ആവശ്യം പരിഗണിക്കുന്നുണ്ടോ;

(ഡി) അഞ്ച് വർഷത്തിലൊരിക്കൽ ശമ്പള പരിഷ്കരണമെന്ന തത്വം സർക്കാർ അംഗീകരിച്ച് നടപ്പിലാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) ശമ്പളപരിഷ്കരണ കമ്മീഷന്റെ പ്രവർത്തനം അവസാന ഘട്ടത്തിലാണ്

(ബി) കമ്മീഷന്റെ റിപ്പോർട്ട് ലഭ്യമായിതിനുശേഷം നടപ്പിലാക്കുന്നതാണ്

(സി), (ഡി) ശമ്പള പരിഷ്കരണം മാർച്ച് മാസത്തിൽ തന്നെ നടപ്പാക്കത്തക്ക വിധം റിപ്പോർട്ട് നൽകണമെന്ന് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചാലുടൻ എല്ലാ കാര്യത്തിലും തീരുമാനമെടുക്കുന്നതാണ്.

ചെമ്പഴന്തിയിലെ അന്താരാഷ്ട്ര പഠന കേന്ദ്രം

13. [*13] ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും യുവജന സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly